(സി) ഈ പദ്ധതിക്കുവേണ്ട സ്ഥലം ഉപഭോക്താക്കൾ സൗജന്യമായി സറണ്ടർ ചെയ്തിട്ടുള്ളതാണ്. കനാൽ നിർമ്മിക്കാത്ത സ്ഥലങ്ങളിൽ ഉപഭോക്താക്കൾ തന്നെ പ്രസ്തുത സ്ഥലം കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത സ്ഥലം പദ്ധതിക്കായി എപ്പോഴും ലഭ്യമാണ്.

(ഡി) 1980-1985 കാലഘട്ടങ്ങളിലാണ് പ്രസ്തുത കനാലുപണികൾ നടത്തിയിട്ടുള്ളത്. ആദ്യം 12 ലക്ഷം രൂപയും തുടർന്ന് 37 ലക്ഷമായും എസ്റ്റിമേറ്റ് ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ പുതുക്കിയ എസ്റ്റിമേറ്റ് 2004 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ഉദ്ദേശം 1.95 കോടി രൂപ വരുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിയുടെ ഇപ്പോഴത്തെ ആയക്കെട്ട് 244.13 ഹെക്ടറും രണ്ടാം ഘട്ടം പൂർത്തിയാകുമ്പോൾ 490.13 ഹെക്ടറുമാണ്.

**എം.വി.ഐ.പി. കനാലുകൾ**

39 [3292] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന എം.വി.ഐ.പി.യുടെ ഏതെല്ലാം കനാലുകളാണ് ഇനിയും പണി പൂർത്തിയാക്കാനുള്ളത്;

(ബി) ഇതിന്റെ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) ഇത് എന്നത്തേക്ക് പൂർത്തിയാക്കാനാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തീരുമാനിച്ചിരുന്നത്;

(ഡി) എന്നത്തേക്ക് ഇതിന്റെ പണികൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) പിറവം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന എം.വി.ഐ.പി. യുടെ ഇനിയും പണി പൂർത്തിയാക്കാനുള്ള കനാലുകൾ താഴെ പറയുന്നവയാണ്:

| *കനാൽ* | *ചെയിനേജ്* | | | |
|---|---|---|---|---|
| സൗത്ത് കക്കാട് | 4785 മീ. | – | 4970 മീ. | വരെ |
| ഓണക്കൂർ | 0 മീ. | – | 5200 മീ. | |
| കാക്കൂർ | 2000 മീ. | – | 4000 മീ. | |

LIBRARY ARCHIVES Kerala Legislative Assembly

| കനാൽ | ചെയിനേജ് | | | |
|---|---|---|---|---|
| ഒലിയപുറം | 0 മീ. | – | 1030 മീ. | വരെ |
| കക്കാട് | 3000 മീ. | – | 5420 മീ. | |
| കിഴുമുറി | 2403 മീ. | – | 2740 മീ. | |
| രാമമംഗലം മൈനർ | 1500 മീ. | – | 3920 മീ. | |
| ഊരമന (അക്വഡക്ട്) | 1221 മീ. | – | 1389 മീ. | |
| ഊരമന കനാൽ | 4000 മീ. | – | 7910 മീ. | |
| മാമലശ്ശേരി അക്വഡക്ട് | 2 എണ്ണം | | | |
| മാമലശ്ശേരി കനാൽ | 3000 മീ. | – | 5000 മീ. | |

(ബി) സൗത്ത് കക്കാട് ഡിസ്ട്രിബ്യൂട്ടറിയുടെ വർക്കിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ കനാൽ പണിയുന്നതിനാവശ്യമായ സ്ഥലം ഡിപ്പാർട്ടുമെന്റിന് ലഭിച്ചിട്ടില്ല. ഓണക്കൂർ ഡിസ്ട്രിബ്യൂട്ടറിയുടെ 43% പണികൾ പൂർത്തിയാക്കിയതിന് ശേഷം കോൺട്രാക്ട് റിസ്ക്ക് ആന്റ് കോസ്റ്റ് വ്യവസ്ഥ പ്രകാരം അവസാനിപ്പിച്ചതിനാൽ ബാക്കിയുള്ള വർക്കിന്റെ എസ്റ്റിമേറ്റ് പുതുക്കിയ ഷെഡ്യൂൾ റേറ്റ്പ്രകാരം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

കാക്കൂർ, ഒലിയപുറം, ഊരമന, മാമലശ്ശേരി എന്നീ കനാലുകളുടെ പണികൾ പുരോഗതിയിലാണ്. രാമമംഗലം മൈനറിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായെങ്കിലും കനാൽ നിർമ്മാണത്തിനുള്ള സ്ഥലം ലഭിക്കാത്തതിനാൽ എഗ്രിമെന്റ് വെച്ചിട്ടില്ല. ഊരമന അക്വഡക്ടിന്റെ ടെണ്ടർ കഴിഞ്ഞു.

മാമലശ്ശേരിയുടെ രണ്ട് അക്വഡക്ടുകളുടെ (ചെയ്. 625–870 മീ) (1460–1770 മീ.) ടെണ്ടർ സർക്കാർ പരിഗണനയിലാണ്.

(സി) 2005 മാർച്ചിൽ മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതീക്ഷിച്ചിരുന്നത്.

(ഡി) 2006 മാർച്ചോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ജലസേചന റിസർവോയറുകളിലെ മണ്ണ് നീക്കംചെയ്യുന്നതിന് നടപടി**

40 [3293] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴ ധാരാളം ലഭിക്കുമ്പോഴും ജലസേചന റിസർവോയറുകളിലെ ജലനിരപ്പിൽ സാരമായ വർദ്ധന ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly